سورة الشمس

# 91.സൂറതുശ്ശംസ്

മക്കഃയില്‍ അവതരിച്ചത് - വചനങ്ങള്‍ 15

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

**പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.**

وَٱلشَّمۡسِ وَضُحَىٰهَا ﴿١﴾

**《1》 സൂര്യനും, അതിന്റെ (പൂര്‍വാഹ്ന) പ്രഭയും തന്നെയാണ (സത്യം)!**

وَٱلۡقَمَرِ إِذَا تَلَىٰهَا ﴿٢﴾

**《2》 ചന്ദ്രന്‍തന്നെയാണ (സത്യം)- അത് അതിനെ തുടര്‍ന്നുവരുമ്പോള്‍!**

وَٱلنَّهَارِ إِذَا جَلَّىٰهَا ﴿٣﴾

**《3》 പകല്‍ തന്നെയാണ (സത്യം) -അത് അതിനെ പ്രത്യക്ഷപ്പെടുത്തുമ്പോള്‍!**

وَٱلَّيۡلِ إِذَا يَغۡشَىٰهَا ﴿٤﴾

**《4》 രാത്രി തന്നെയാണ (സത്യം) -അത് അതിനെ മൂടിക്കൊണ്ടിരിക്കുമ്പോള്‍!**

وَٱلسَّمَآءِ وَمَا بَنَىٰهَا ﴿٥﴾

**《5》 ആകാശവും, അതിനെ സ്ഥാപിച്ചതും [ആ മഹാശക്തിയും] തന്നെയാണ (സത്യം)!**

وَٱلۡأَرۡضِ وَمَا طَحَىٰهَا ﴿٦﴾

**《6》 ഭൂമിയും, അതിനെ പരത്തിയതും [ആ മഹാശക്തിയും] തന്നെയാണ (സത്യം)!**

وَنَفۡسٖ وَمَا سَوَّىٰهَا ﴿٧﴾

**《7》 ആത്മാവും, അതിനെ (ഘടന ഒപ്പിച്ച) ശരിപ്പെടുത്തിയതും [ആ**

മഹാശക്തിയും] തന്നെയാണ (സത്യം)!

《8》 എന്നിട്ട്, അതിന് അതിന്റെ ദുഷ്ടതയും, അതിന്റെ സൂക്ഷ്മതയും അവൻ [ആ മഹാശക്തി] തോന്നിപ്പിച്ചു കൊടുക്കുകയും ചെയ്തിരിക്കുന്നു.

فَأَلْهَمَهَا فُجُورَهَا وَتَقْوَىٰهَا ﴿٨﴾

---

《1》 وَالشَّمْسِ സൂര്യൻ തന്നെയാണ وَضُحَاهَا അതിന്റെ ശോഭയും, പൂർവ്വാഹ്നവും
《2》 وَالْقَمَرِ ചന്ദ്രൻ തന്നെയാണ إِذَا تَلَاهَا അതതിനോട് തുടർന്നാൽ, അടുത്താൽ 《3》
وَالنَّهَارِ പകൽ തന്നെയാണ إِذَا جَلَّاهَا അതതിനെ പ്രത്യക്ഷപ്പെടുത്തിയാൽ, വെളിവാ
ക്കിയാൽ 《4》 وَاللَّيْلِ രാത്രി തന്നെയാണ إِذَا يَغْشَاهَا അതതിനെ മൂടിക്കൊണ്ടിരിക്കു
മ്പോൾ 《5》 وَالسَّمَاءِ ആകാശം തന്നെയാണ وَمَا بَنَاهَا അതിനെ സ്ഥാപിച്ചതും, (സ്ഥാ
പിച്ച ശക്തിയും, സ്ഥാപിച്ചവനും) 《6》 وَالْأَرْضِ ഭൂമി തന്നെയാണ وَمَا طَحَاهَا അതിനെ
പരത്തിയതും (പരത്തിയ ശക്തിയും, പരത്തിയവനും) 《7》 وَنَفْسٍ ആത്മാവ് (ആൾ)
തന്നെയാണ وَمَا سَوَّاهَا അതിനെ ശരിപ്പെടുത്തിയതും (ആ ശക്തിയും) ശരി (സമ)പ്പെ
ടുത്തിയവനും 《8》 فَأَلْهَمَهَا എന്നിട്ട് അവൻ അതിന് തോന്നിപ്പിച്ചു കൊടുത്തു فُجُورَهَا
അതിന്റെ ദുഷ്ടത, തോന്നിയവാസം, ദുർന്നടപ്പ് وَتَقْوَاهَا അതിന്റെ സൂക്ഷ്മത (ഭയഭ
ക്തി)യും

---

സൂര്യാസ്തമയത്തോട് കൂടി ചന്ദ്രൻ പ്രകാശിച്ചു തുടങ്ങുന്നു. അതുകൊണ്ടാണ് അത് അതിനെ തുടർന്ന് വരുമ്പോൾ എന്ന് പറഞ്ഞത്. സൂര്യപ്രകാശം മുഴുവനും വെളിപ്പെടുന്നത് പകലിലാണല്ലോ. രാത്രി അതിനെ മൂടി മറക്കുകയും ചെയ്യുന്നു. ഈ അവസ്ഥകളാണ് 3 ഉം 4 ഉം വചനങ്ങളിൽ കാണുന്നത്. ആകാശത്തെ ഉയർത്തിസ്ഥാപിച്ചത്, ഭൂമിയെ നിവാസയോഗ്യമാംവണ്ണം പരത്തിയുണ്ടാക്കിയത്, ആവശ്യമായ അവയവങ്ങളും അനുയോജ്യമായ ആകൃതിയും പ്രകൃതിയും നൽകി ആത്മാക്കളെ– അഥവാ ദേഹികളെ– ശരിപ്പെടുത്തിയത് എന്നീ ഓരോന്നിന്റെയും കർത്താവായ ആ മഹാശക്തിയെകൊണ്ടാണ് 5, 6, 7 എന്നീ വചനങ്ങളിലെ സത്യങ്ങൾ. ആ മഹാശക്തി അല്ലാഹു അല്ലാതെ മറ്റാരുമല്ലെന്ന് സ്പഷ്ടമാണല്ലോ. മനുഷ്യനെ സൃഷ്ടിച്ചു ശരിപ്പെടുത്തുക മാത്രമല്ല, അവന്റെ നന്മയും തിന്മയും അവന് വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കുകയും, നല്ലതും ചീത്തയും ചെയ്യാനുള്ള കഴിവ് നൽകുകയും ചെയ്തിരിക്കുന്നു. ഇതാണ് 8 –ാം വചനത്തിൽ കാണുന്നത്. ഹൃദയംകൊടുത്ത് ചിന്തിക്കുന്നപക്ഷം, അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളെയും, അധികാരാവകാശങ്ങളിലുള്ള ഏകത്വത്തെയും വിളിച്ചോതിത്തരുന്ന വമ്പിച്ച ചില ദൃഷ്ടാന്തങ്ങളാണ് ഈ സത്യവാചകങ്ങളിലൂടെ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

《9》 തീർച്ചയായും, അതിനെ [ആത്മാവിനെ] പരിശുദ്ധമാക്കിയവൻ ഭാഗ്യം പ്രാപിച്ചു.

قَدْ أَفْلَحَ مَن زَكَّىٰهَا ﴿٩﴾

وَقَدْ خَابَ مَن دَسَّىٰهَا ﴿١٠﴾

﴿10﴾ **അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു.**

﴿9﴾ قَدْأَفْلَحَ തീർച്ചയായും വിജയിച്ചു, ഭാഗ്യം പ്രാപിച്ചു مَنْزَكَّاهَا അതിനെ പരിശുദ്ധമാക്കിയ (സംസ്കരിച്ച)വൻ ﴿10﴾ وَقَدْخَابَ നിർഭാഗ്യമടയുക (പരാജയപ്പെടുക)യും ചെയ്തു مَنْدَسَّاهَا അതിനെ കളങ്കപ്പെടുത്തിയവൻ

മേൽകണ്ട സത്യങ്ങളെത്തുടർന്ന് ഈ വചനങ്ങളിൽ അല്ലാഹു രണ്ട് മൗലിക യാഥാർത്ഥ്യങ്ങളാണ് ചൂണ്ടിക്കാട്ടിയിരിക്കുന്നത്. ആത്മപരിശുദ്ധി വരുത്തിയവൻ ഭാഗ്യവാനും വിജയിയുമാണ്. ആത്മകളങ്കം ചെയ്തവൻ ദുർഭാഗ്യവാനും പരാജിതനുമാണ് എന്നത്രെ അത്. സത്യവിശ്വാസം, സൽക്കർമം, സൽസ്വഭാവം ആദിയായവ മൂലമാണ് ആത്മപരിശുദ്ധിയുണ്ടാകുന്നത്. നിഷേധം, ദുർവൃത്തി, ദുഃസ്വഭാവം ആദിയായവ ആത്മാവിനെ കളങ്കപ്പെടുത്തുകയും ചെയ്യുന്നു.

كَذَّبَتْ ثَمُودُ بِطَغْوَىٰهَآ ﴿١١﴾

﴿11﴾ **'ഥമൂദ്' (ഗോത്രം) അതിന്റെ ധിക്കാരം മൂലം വ്യാജമാക്കുകയുണ്ടായി;-**

إِذِ ٱنۢبَعَثَ أَشْقَىٰهَا ﴿١٢﴾

﴿12﴾ **അതിലെ ഏറ്റവും ദുർഭാഗ്യവാനായവൻ (നിയുക്തനായി) എഴുന്നേറ്റ സന്ദർഭം.**

فَقَالَ لَهُمْ رَسُولُ ٱللَّهِ نَاقَةَ ٱللَّهِ وَسُقْيَٰهَا ﴿١٣﴾

﴿13﴾ **അപ്പോൾ, അവരോട് അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'അല്ലാഹുവിന്റെ ഒട്ടകവും അതിന്റെ വെള്ളം കുടിയും (സൂക്ഷിക്കുക)!' [അതിന്ന് ഭംഗം വരുത്തരുത്.]**

فَكَذَّبُوهُ فَعَقَرُوهَا فَدَمْدَمَ عَلَيْهِمْ رَبُّهُم بِذَنۢبِهِمْ فَسَوَّىٰهَا ﴿١٤﴾

﴿14﴾ **എന്നാൽ, അവർ അദ്ദേഹത്തെ വ്യാജമാക്കി അതിനെ കുത്തിയറുത്ത് (കൊന്നു). അപ്പോൾ അവരുടെ പാപം നിമിത്തം അവരുടെ റബ്ബ് അവരിൽ (ശിക്ഷ) ആകെ മൂടിക്കളഞ്ഞു; എന്നിട്ട് അത് (എല്ലാവർക്കും) സമപ്പെടുത്തി. [ഒരാളും ഒഴിവായില്ല.]**

وَلَا يَخَافُ عُقْبَٰهَا ﴿١٥﴾

﴿15﴾ **അവൻ [റബ്ബ്] അതിന്റെ അനന്തരഫലത്തെ ഭയപ്പെട്ടിരുന്നതുമില്ല.**

﴿11﴾ كَذَّبَتْ വ്യാജമാക്കി ثَمُودُ ഥമൂദ് ഗോത്രം بِطَغْوَاهَا അതിന്റെ അതിക്രമം (ധിക്കാരം) നിമിത്തം ﴿12﴾ إِذِانْبَعَثَ നിയുക്തനായ (ഒരുമ്പെട്ട, എഴുന്നേറ്റ) സന്ദർഭം أَشْقَاهَا

അതിലെ ഏറ്റം ദുർഭാഗ്യവാൻ (ദുഷ്ടൻ) ﴾13﴿ فَقَالَ لَهُمْ അപ്പോൾ അവരോട് പറഞ്ഞു
وَسُقْيَاهَا അല്ലാഹുവിന്റെ ദൂതൻ (റസൂൽ) نَاقَةَ اللَّهِ അല്ലാഹുവിന്റെ ഒട്ടകം رَسُولُ اللَّهِ
അതിന്റെ വെള്ളം കുടിയും ﴾14﴿ فَكَذَّبُوهُ എന്നാൽ അവർ അദ്ദേഹത്തെ വ്യാജമാക്കി
فَعَقَرُوهَا അങ്ങനെ അവരതിനെ കുത്തിഅറുത്ത് (കൊന്നു) فَدَمْدَمَ അപ്പോൾ ഉൻമൂല
നാശം വരുത്തി, ആകെ മൂടി (ശിക്ഷ) عَلَيْهِمْ അവരിൽ رَبُّهُمْ അവരുടെ റബ്ബ് بِذَنْبِهِمْ അവ
രുടെ പാപം (തെറ്റു)കൊണ്ട് فَسَوَّاهَا എന്നിട്ട് അത് (അതിനെ) സമമാക്കി, നിരത്തി
﴾15﴿ وَلَا يَخَافُ അവൻ ഭയപ്പെട്ടിരുന്നുമില്ല عُقْبَاهَا അതിന്റെ അനന്തരഫലം, പര്യവ
സാനം

---

ഒരാൾപോലും ബാക്കിയാകാത്തവിധം അത്ര വ്യാപകവും കടുത്തതുമായ ശിക്ഷ അവർക്ക് നൽകിയത് നിമിത്തം എന്തെങ്കിലും ഭവിഷ്യത്ത് സംഭവിച്ചേക്കുമോ എന്നുള്ള യാതൊരു ഭയവും അല്ലാഹുവിന് ഇല്ലായിരുന്നു എന്ന് സാരം. ഇത് അവരെ പരിഹസിച്ചുകൊണ്ട് പറഞ്ഞതാണ്.

സ്വാലിഹ് നബി (അ)യുടെ ജനതയായ ഥമൂദ് ഗോത്രത്തെ സംബന്ധിച്ച് ശുഅറാഉ്, നംല് എന്നീ സൂറത്തുകളിൽ വിശദമായി വിവരിച്ചിട്ടുണ്ടല്ലോ. സംഭവത്തിന്റെ ഏറ്റവും സംക്ഷിപ്തരൂപമാണ് ഇവിടെ കാണുന്നത്. അവർ സ്വാലിഹ് നബി (അ)യെ നിഷേധിക്കയും ധിക്കാരം പ്രവർത്തിക്കയും ചെയ്തു. അവർക്ക് ദൃഷ്ടാന്തമായി ഒരു ഒട്ടകത്തെ അല്ലാഹു നിശ്ചയിച്ചിരുന്നു. അവരുടെ ജലാശയത്തിലെ വെള്ളം അവർക്കും ആ ഒട്ടകത്തിനുമിടയിൽ പങ്കിടപ്പെട്ടിരുന്നു. ഒട്ടകത്തെ ഉപദ്രവിക്കരുതെന്നും, ഉപദ്രവിച്ചാൽ, അവരിൽ പൊതുശിക്ഷ ഇറങ്ങുമെന്നും അവർക്ക് മുന്നറിയിപ്പും നൽകപ്പെട്ടിരുന്നു. എന്നാൽ, അവരുടെ ധിക്കാരം മുഴുത്ത് ഒട്ടകത്തെ അറുത്ത് കൊല്ലുവാൻതന്നെ അവർ തീരുമാനിച്ചു. അവരിൽവെച്ച് ഏറ്റവും കടുത്ത ഒരു ധിക്കാരി– അതെ, ഏറ്റവും വലിയ നിർഭാഗ്യവാൻമാർ– അതിന് മുമ്പോട്ടുവന്നു. താമസിയാതെ അല്ലാഹു ഒരു ഭൂകമ്പവും ഉഗ്രശബ്ദവും അവരിൽ നിയോഗിച്ചു. അതവരെ ഒന്നടങ്കം നശിപ്പിക്കയും ചെയ്തു. ഇതാണ് സംഭവത്തിന്റെ ചുരുക്കം. ആ സമുദായത്തിൽ വലിയ നാശകാരികളായ ഒമ്പത് പേരുണ്ടായിരുന്നുവെന്ന് സൂറ:നംല് 48 ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. അവരിൽവെച്ച് ഏറ്റവും വലിയ പോക്കിരിയായിരിക്കാം ഈ ദുഷ്ടൻ. മുൻകയ്യെടുത്തത് അവനാണെങ്കിലും ആ കൃത്യം നിർവ്വഹിച്ചത് ജനതയുടെ ആവശ്യമനുസരിച്ചും അവരെ പ്രതിനിധീകരിച്ചും കൊണ്ടായിരുന്നതിനാൽ കുറ്റത്തിൽ എല്ലാവരും പങ്കാളികളാണല്ലോ. ആകയാൽ, അതവരുടെ പൊതുനാശത്തിന് ഇടയാകുകയും ചെയ്തു.

ولله الحمد والمنة